# THE INDIAN ORTHODOX CHURCH

## (The Malankara Orthodox Syrian Church)

## Catholicate of the East

*Diocese of Ahmedabad*



'Gandhi Smriti'
St. Thomas Bishop's House
Naroda- Ahmedabad
Gujarat, India - 382 330

By His Grace,
**Dr. Geevarghese Yulios Metropolitan**

Kalpana No. 75/15

വാത്സല്യ മക്കളെ,

പ. സഭയുടെ ആരാധനാവർഷത്തിന്റെ ആരംഭമായ "കൂദോസ് ഈത്തോ" (സഭയുടെ ശുദ്ധീകരണപെരുന്നാൾ) ഞായറാഴ്ച നാം മെത്രാസന ദിനമായി ആചരിച്ചുവരികയാണല്ലോ. പുതിയ ആരാധനാവർഷത്തിലേക്ക് നാം പ്രവേശിക്കുമ്പോൾ ദൈവകൃപയും നമ്മുടെ കർത്താവിന്റെ സ്നേഹവും പ. റൂഹായുടെ സഹവാസവും നടത്തിപ്പും നമ്മോടൊപ്പം ഉണ്ടാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു; മെത്രാസനത്തേയും അതിന്റെ പ്രവർത്തനങ്ങളെയും പ്രവർത്തകരെയും നിങ്ങളുടെ പ്രാർത്ഥനകളിലും വി. കുർബാനകളിലും എല്ലായ്പ്പോഴും ഓർക്കണമേ എന്ന് നിങ്ങളുടെ സ്നേഹത്തോട് നാം ആവശ്യപ്പെടുകയും നമ്മുടെ ബലഹീന പ്രാർത്ഥനകളിലും വി. കുർബാനകളിലും നിങ്ങളെ എപ്പോഴും ഓർക്കുന്നുവെന്ന് അറിയിക്കുകയും ചെയ്യുന്നു.

നമ്മുടെ എല്ലാ ഇടവകകളും ആത്മീയ പ്രസ്ഥാനങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങളും ക്രിസ്തു കേന്ദ്രീകൃതമായ സാമൂഹിക പ്രതിബദ്ധതയോടെ നല്ല സാക്ഷ്യം സമൂഹത്തിന് നൽകുന്നത് കാണുന്നതിൽ നാം ദൈവത്തെ സ്തുതിക്കുന്നു. ക്രൈസ്തവസാക്ഷ്യം നഷ്ടപ്പെടുത്തുന്നവിധത്തിലുള്ള ഒരു പ്രവർത്തനവും നമ്മിൽ നിന്നും ഉണ്ടായിക്കൂട എന്ന് നാം പ്രത്യേകം ഓർമ്മപ്പെടുത്തുന്നു. ഇടവകകളും പ്രസ്ഥാനങ്ങളും അനുബന്ധ സ്ഥാപനങ്ങളും സമൂഹത്തിൽ പ്രകാശം പരത്തുന്ന ദീപസ്തംഭങ്ങളായി നിലനിർത്തുവാൻ പ്രവർത്തകർ ശ്രദ്ധിക്കണം.

മെത്രാസനം നേരിട്ടും ഇടവകകളുടെ ആഭിമുഖ്യത്തിലുമായി ഇരുപതിലധികം സ്കൂളുകൾ നമ്മുടെ മെത്രാസനത്തിൽ പ്രവർത്തിക്കുന്നു. 45,000-ത്തോളം വരുന്ന വിദ്യാർത്ഥികൾക്ക് ജാതി-മത-വർഗ്ഗ-വർണ്ണ ഭേദമെന്യേ വിദ്യാവെളിച്ചവും ഒപ്പം ആദ്ധ്യാത്മിക-സദാചാര മൂല്യബോധവും നൽകുവാൻ കഴിയുന്നതിൽ നമുക്ക് ദൈവത്തെ മഹത്വപ്പെടുത്താം. Galudan-നിൽ നാം പണിയുവാൻ ആഗ്രഹിക്കുന്ന സ്കൂൾ കെട്ടിടത്തിനുള്ള അനുമതി ഉടൻ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഇൻഡോർ സിറ്റിയിലുള്ള സ്ഥലത്ത് ഭാഗ്യസ്മരണാർഹനായ ഡോ. സ്തേഫാനോസ് മാർ തേവോദോസ്യോസിന്റെ സ്മരണയിൽ ഒരു സ്കൂൾ ആരംഭിക്കുവാനുള്ള ഒരുക്കങ്ങൾ നടന്നു വരുന്നു. ഗാന്ധിദാമിലെ Deveria യിൽ സഭാ മിഷൻ ബോർഡിന്റെ സഹകരണത്തോടെ ആരംഭിക്കുന്ന 'കൃപാലയ'യുടെ കെട്ടിടം പണിയുവാൻ അനുമതി ലഭിച്ചതിനാൽ ഉടൻ പ്രവർത്തനങ്ങൾ ആരംഭിക്കണം. നമ്മുടെ എല്ലാ ഇടവകകളെയും സ്ഥാപനങ്ങളെയും പ്രാർത്ഥനകളിൽ ഓർക്കുകയും കഴിവുള്ളതുപോലെ സഹായിക്കുകയും ചെയ്യുവാൻ നാം ബദ്ധശ്രദ്ധരായിരിക്കണം.

മുൻ പതിവുപോലെ നിങ്ങളുടെ ഒരു ദിവസത്തെ ശരാശരി വരുമാനത്തിൽ കുറയാത്ത ഒരു തുക മെത്രാസനദിന കവറിൽ നിക്ഷേപിച്ച് നമ്മുടെ പ്രവർത്തനങ്ങളെ സഹായിക്കണം. മുൻ വർഷത്തെ കാതോലിക്കാദിനപിരിവിൽ നിന്നും കുറയാത്ത ഒരു തുക മെത്രാസനദിനപിരിവ് നൽകുവാൻ ഇടവക ഭരണസമിതി ശ്രദ്ധിക്കണം.

വൈദിക ശമ്പള പദ്ധതി സുഗമമായി പ്രവർത്തിക്കണമെങ്കിൽ എല്ലാ ഇടവകകളും അതതു വർഷം അവരവർക്ക് നിശ്ചയിച്ചിരിക്കുന്ന വിഹിതം ഓരോ മാസവും മെത്രാസനത്തിലേയ്ക്ക് അയക്കേണ്ടതുണ്ടല്ലോ. വൈദിക ശമ്പളം ജൂലൈ മാസത്തിലാണ് വർഷംതോറും നാം പുതുക്കി നിശ്ചയിക്കുന്നത് എന്നതിനാൽ ശമ്പള വിഹിതവും ജൂലൈ മാസത്തിലാണ് ക്രമമായി വർദ്ധിപ്പിക്കുന്നത്. 61/14 കല്പനപ്രകാരം 2014 ജൂലൈ മാസം 29-ന് നമ്മുടെ അദ്ധ്യക്ഷതയിൽ മെത്രാസന ആസ്ഥാനത്തു വച്ചു കൂടിയ മെത്രാസന

പൊതുയോഗത്തിൽ ശമ്പള വിഹിത വർദ്ധനവ് വർഷംതോറും 10% ആയിരിക്കണമെന്നും ആയത് എല്ലാ വർഷവും ജൂലൈ മാസം മുതൽ പ്രാബല്യത്തിൽ വരുത്തണമെന്നും നാം നിശ്ചയിച്ചിരിക്കുന്നപ്രകാരം പ്രവർത്തിക്കുവാൻ ഇടയാകണം. മെത്രാസന ഓഫീസുമായി ബന്ധപ്പെട്ട് ആ ഇടവകയുടെ വിഹിതവും കുടിശികയുണ്ടെങ്കിൽ ആയതും എത്രയും പെട്ടെന്ന് തീർക്കുവാൻ വികാരിമാരും ചുമതലക്കാരും ശ്രദ്ധിക്കണം.

വീണ്ടും പ്രിയരെ,

നമ്മുടെ കർത്താവിന്റെ പ്രിയ അപ്പോസ്തോലനും ഏവൻഗേല്യസ്ഥനും വചനത്തിന്റെ ജഡധാരണത്തെക്കുറിച്ച് പ. സഭയെ പഠിപ്പിച്ച വേദശാസ്ത്രജ്ഞനുമായ വി. യോഹന്നാൻ ശ്ലീഹാ ഓർപ്പിക്കുന്നതുപോലെ "എന്റെ മക്കൾ സത്യത്തിൽ നടക്കുന്നുവെന്ന് കേൾക്കുന്നതിനേക്കാൾ വലിയ സന്തോഷം എനിക്കില്ല" എന്ന് നാമും നിങ്ങളെ സ്നേഹത്തോടെ ഓർപ്പിക്കുന്നു.

വി. ത്രിത്വത്തിലുള്ള സ്തുതിചൊവ്വാകപ്പെട്ട സത്യവിശ്വാസത്തിൽ ജീവിക്കുവാനും നമ്മുടെ കർത്താവിന്റെ രണ്ടാമത്തെ വരവിനായി കാത്തിരിക്കുവാനുമുള്ള അതിശ്രേഷ്ഠമായ മാർഗ്ഗവും ഉപാധിയുമാകുന്നുവല്ലോ പ. സഭാജീവിതം. ആകയാൽ പൂർണ്ണഗൗരവത്തോടെ ലാഘവമില്ലാത്ത വിശ്വാസജീവിതം നയിക്കുവാൻ നാം പ്രതിജ്ഞാബദ്ധരായിരിക്കണം. രണ്ടായിരത്തോളമാണ്ടുകളായി നമ്മുടെ പിതാക്കന്മാർ കൈമാറി തന്നിട്ടുള്ള വി. പാരമ്പര്യങ്ങളിൽനിന്നും നാം വ്യതിചലിച്ചുപോകുവാനോ അവയെ നഷ്ടപ്പെടുത്തി കളയുവാനോ ഇടയാകരുത്. ഏതു കാര്യവും നഷ്ടപ്പെടുത്തുവാൻ എളുപ്പവും പുനർനിർമ്മിക്കുവാൻ ഏറെ പ്രയാസവുമാണെന്ന പാഠം നാം ഉൾക്കൊള്ളണം.

വിശ്വാസ സംബന്ധിയായ വിഷയങ്ങളെക്കുറിച്ച് പ. സിംഹാസനത്തിൽ നിന്നും നമ്മുടെ പ്രധാന മേലദ്ധ്യക്ഷൻ 230/2015 ആയി ഒക്ടോബർ മാസം 5-ാം തീയതി പുറപ്പെടുവിച്ച കല്പന ഇതിനോടകം നമ്മുടെ ഇടവകകളിൽ വായിക്കുകയും പ്രാവർത്തികമാക്കുകയും ചെയ്തിരിക്കുമെന്ന് നാം കരുതുന്നു. പ. സഭയുടെ കാനോനാകൾക്കും വി. പാരമ്പര്യങ്ങൾക്കും നടപ്പുകൾക്കും ചേരാത്തവിധത്തിലുള്ള ഒരു 'ആത്മികത'യും ഇടവകകളിലൊ ഭവനങ്ങളിലൊ ഉണ്ടാകരുത് എന്ന് നാമും നിങ്ങളെ ഉദ്ബോധിപ്പിക്കുന്നു. ഈദൃശ പ്രവർത്തനങ്ങൾ ആരുടെ ഭാഗത്തു നിന്ന് ഉണ്ടായാലും ശക്തമായ തിരുത്തൽ നടപടികൾ ഉണ്ടാകണമെന്ന് ഇക്കഴിഞ്ഞ സെപ്റ്റംബർ 15-നു ചേർന്ന സുന്നഹദോസ് യോഗത്തിലും തീരുമാനിച്ചിട്ടുള്ളത് നാം നിങ്ങളെ ഓർമ്മിപ്പിക്കുന്നു. 'നവീന ആത്മികത'യുടെ പേരിൽ സത്യവിശ്വാസത്തിനു ഭംഗംവരുത്തുവാൻ ഇടയാകരുത് എന്നതിനാലും വിശ്വാസികൾ 'ആൾദൈവ'ങ്ങളുടെയും 'പ്രത്യേക വര'ക്കാരുടെയും കുടിലതന്ത്രങ്ങളിൽപെട്ട് വഞ്ചിതരാകാതെയിരിപ്പാനും ഇടവക വികാരിമാർ പ്രത്യേകം ശ്രദ്ധിക്കണം.

"വിളിച്ചിരിക്കുന്ന വിളിക്ക് യോഗ്യമായവണ്ണം സകല മനോവിനയത്തോടും ശാന്തതയോടും ദീർഘക്ഷമയോടും കൂടെ നടപ്പാൻ" സർവ്വശക്തൻ നമ്മെ സഹായിക്കട്ടെ!

ദൈവമാതാവായ വി. കന്യകമറിയാമിന്റെയും വി. മാർത്തോമ്മാ ശ്ലീഹാ മുതൽ ഇന്നയോളം നമ്മെ സത്യവിശ്വാസത്തിൽ പരിപാലിച്ച എല്ലാ പരിശുദ്ധന്മാരുടെയും ശുദ്ധിമതികളുടെയും മാതാപിതാക്കന്മാരുടെയും പ്രാർത്ഥനയും മദ്ധ്യസ്ഥതയും നമുക്ക് കാവലും കോട്ടയുമായിരിക്കട്ടെ.

ദൈവം അനുഗ്രഹിക്കട്ടെ

ക്രിസ്തുവിൽ നിങ്ങളുടെ ഇടയൻ



**അഹമദാബാദ് മെത്രാസന ഇടവകയുടെ**
**ബലഹീനനായ ഗീവർഗ്ഗീസ് യൂലിയോസ് മെത്രാപ്പോലീത്താ**

സെന്റ് തോമസ് ബിഷപ്സ് ഹൗസ്
നരോഡ, അഹമ്മദാബാദ്
27 ഒക്ടോബർ, 2015